# ഖിയാമത്തിന്റെ ആകസ്മികത

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ ﷺ وَلَتَقُومَنَّ السَّاعَةُ وَقَدْ
نَشَرَ الرَّجُلاَنِ ثَوْبَهُمَا بَيْنَهُمَا فَلاَ يَتَبَايَعَانِهِ وَلاَ يَطْوِيَانِهِ وَلَتَقُومَنَّ السَّاعَةُ وَقَدْ
انْصَرَفَ الرَّجُلُ بِلَبَنِ لِقْحَتِهِ فَلاَ يَطْعَمُهُ وَلَتَقُومَنَّ السَّاعَةُ وَهُوَ يَلِيطُ حَوْضَهُ
فَلاَ يَسْقِي فِيهِ وَلَتَقُومَنَّ السَّاعَةُ وَقَدْ رَفَعَ أَكْلَتَهُ إِلَى فِيهِ فَلاَ يَطْعَمُهَا

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "രണ്ട് പേർ വസ്ത്രം ചുരുളഴിച്ച് പിടിച്ചിരിക്കെ ഖിയാമത്ത് വരുന്നു. അപ്പോൾ അത് മടക്കിവെക്കാനോ കച്ചവടം ചെയ്യാനോ അവർക്ക് കഴിയില്ല. ഒരാൾ ഒട്ടകത്തെ കറന്ന് പാലുമായി വരവെ ഖിയാമത്ത് വരുന്നു. അത് കുടിക്കാനവന് സാധിക്കുകയില്ല. കുഴിയിൽ വെള്ളം നിറച്ചുകൊണ്ടിരിക്കെ ഖിയാമത്ത് വരുന്നു. അത് കുടിപ്പിക്കാനവന് അവസരം കിട്ടുകയില്ല. ഉരുള വായിലേക്കുയർത്തിക്കൊണ്ടിരിക്കെ ഖിയാമത്ത് പിടികൂടുന്നു. അത് ഭക്ഷിക്കാനവന് കഴിയില്ല" (ബുഖാരി).

**ഇസ്‌ലാമിന്റെ** അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിലൊന്നായ പരലോക വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ് ഖിയാമത്ത് അഥവാ പുനരുത്ഥാനത്തിലുള്ള വിശ്വാസം. നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുൾപ്പെടെയുള്ള പ്രപഞ്ചത്തിനും അതിലെ സകല ചരാചരങ്ങൾക്കും തുടക്കമുള്ളത് പോലെ ഒരൊടുക്കവുമുണ്ട്. വ്യക്തിയുടെ ഇഹലോക ജീവിതം അയാളുടെ മരണത്തോട് കൂടി അവസാനിക്കുന്നത് പോലെ, പ്രപഞ്ചമാസകലം അതിലെ സകല ചരാചരങ്ങളോടും കൂടി ഒരു നിശ്ചിത അവധിക്ക് അവസാനിക്കുക തന്നെ ചെയ്യും. ഈ അവധി എപ്പോഴാണെന്ന് അല്ലാഹു ആരെയും അറിയിച്ചിട്ടില്ല. കർമലോകത്തിന്റെ അവസാനവും പ്രതിഫല ലോകത്തിന്റെ പ്രാരംഭവുമായിരിക്കും അത്. അല്ലാഹു പറയുന്നു: "എണ്ണിക്കണക്കാക്കപ്പെട്ട ഒരവധി വരേക്ക് മാത്രമേ നാമതിനെ പിന്തിക്കുന്നുള്ളൂ" (*ഹൂദ്* 104).

അവധിയെത്തുമ്പോൾ അതിനെ നശിപ്പിക്കാൻ അല്ലാഹു പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇസ്റാഫീൽ എന്ന മലക്കിനെയാണ് അല്ലാഹു ചുമതലയേൽപിച്ചിട്ടുള്ളത്. നശീകരണായുധമായ കാഹളവുമായി നാഥന്റെ കൽപനയുണ്ടാകുന്നതെപ്പോഴാണെന്ന് ജാഗ്രതയോടെ കാത്തുകൊണ്ടിരിക്കുകയാണാ മലക്ക്. ഈ അവസ്ഥയിൽ ഞാനെങ്ങനെ സുഖിച്ചു കഴിയുമെന്ന് തിരുമേനി(സ) അസ്വസ്ഥത പ്രകടിപ്പിച്ചതായും ഞങ്ങളെന്ത് ചെയ്യണമെന്നാരാഞ്ഞ സ്വഹാബിമാരോട് 'ഞങ്ങൾക്കല്ലാഹു മതി. കാര്യമേൽപിക്കാൻ ഏറ്റവും പറ്റിയവനാണല്ലോ അവൻ' എന്ന് പറഞ്ഞു കൊള്ളാൻ ആവശ്യപ്പെട്ടതായും ഹദീസിൽ കാണാം.

കൃത്യമായ സമയം അറിയിച്ചിട്ടില്ലെങ്കിലും ഖിയാമത്തുമായി ബന്ധപ്പെട്ട മറ്റ് പല കാര്യങ്ങളും അല്ലാഹു നമുക്കറിയിച്ചുതന്നിട്ടുണ്ട്.

ഞൊടിയിടയിൽ ക്ഷണനേരം കൊണ്ട് ഓർക്കാപ്പുറത്ത് സംഭവിക്കുന്ന ഘോര സംഭവമായിട്ടാണ് ഖിയാമത്തിനെ പരിചയപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഖുർആൻ പറയുന്നു: "ആകാശലോകങ്ങളിലും ഭൂമിയിലും അതികഠോരമായിരിക്കും അത്" (*അൽഅഅ്റാഫ്* 187). "തങ്ങളുടെ ഭൗതിക വ്യവഹാരങ്ങളിൽ ബഹളം വെച്ചുകൊണ്ടിരിക്കെ ആകസ്മികമായി അവരെ പിടികൂടുന്ന ഘോരഗർജനത്തെയാണ് ഇവർ നോക്കിക്കൊണ്ടിരിക്കുന്നത്." (*യാസീൻ* 49).

ഏറ്റവുമൊടുവിൽ ജപ്പാനിലുണ്ടായ സുനാമിയുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പലപ്പോഴായി സംഭവിച്ചിട്ടുള്ള, തികച്ചും പ്രാദേശികവും പരിമിതവുമായ ഭൂകമ്പങ്ങൾ എത്ര ഞൊടിയിടയിലാണ് സെക്കന്റുകൾ കൊണ്ട് വലിയ നാശനഷ്ടങ്ങൾ വരുത്തുന്നതെന്ന് നാം നേരിൽ കാണുകയാണ്. എന്നാൽ പ്രപഞ്ചത്തെ അപ്പാടെ ബാധിക്കുന്നതും മുഴുവൻ ചരാചരങ്ങളുടെയും തകർച്ചക്കും നാശത്തിനും ഹേതുവായിത്തീരുന്നതുമായ ഒരു വലിയ ഭൂകമ്പമായിട്ടാണ് ഖിയാമത്തിനെ പരിചയപ്പെടുത്തിയിട്ടിട്ടുള്ളത്.

സുനാമിയുൾപ്പെടെ സംഭവിച്ചുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ ഭൂകമ്പങ്ങൾ, വലിയ ഭൂകമ്പമാകുന്ന ഖിയാമത്തിന്റെ മുന്നോടികളും അതിലേക്കുള്ള ചൂണ്ടുപലകകളും, അതുകൊണ്ട് തന്നെ ദൃഷ്ടാന്തങ്ങളുമാണ്.

എത്ര വേഗത്തിലായിരിക്കും അത് സംഭവിക്കുക എന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന വിശദീകരണമാണ് പ്രവാചകൻ(സ) നൽകിയിട്ടുള്ളത്. വസ്ത്രം നിവർത്തിപ്പിടിച്ചവർക്ക് അത് മടക്കിവെക്കാൻ, ഒട്ടകത്തെ കറന്നവന് അതിന്റെ പാൽകുടിക്കാൻ, വെള്ളം നിറച്ചുകൊണ്ടിരിക്കുന്നവന് അത് കുടിപ്പിക്കാൻ, ഉരുളയുരുട്ടി വായിലേക്ക് കൊണ്ടുപോകുന്നവന് അത് ഭക്ഷിക്കാൻ ഇതിനൊന്നും അധിക സമയം ആവശ്യമില്ല. സെക്കന്റുകൾ കൊണ്ട് ചെയ്യാൻ കഴിയുന്നതാണ്. പക്ഷേ, അതിന് പോലും സാധ്യമാകാത്തത്ര വേഗത്തിൽ ഖിയാമത്ത് സംഭവിച്ചിരിക്കുമെന്നാണ് പ്രവാചകൻ(സ) പഠിപ്പിക്കുന്നത്. ■